പുതിയ ട്രഷറികൾ ആരംഭിക്കുന്നതിന് മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ട്രഷറികളുടെ കമ്പ്യൂട്ടർവത്കരണം പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും കോർബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയതിനാലും ഏത് ട്രഷറിയിൽനിന്നും ഇടപാടുകൾ സുഗമമായി നടത്തുവാൻ ട്രഷറി വകുപ്പ് സജ്ജമാണ്. എന്നിരുന്നാലും പുതിയ ട്രഷറികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ, ബഹുജന സംഘടനകൾ, പെൻഷൻകാർ എന്നിവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആയതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമാകുമ്പോഴാണ് പുതിയ ട്രഷറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നത്.

(സി) മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ സബ് ട്രഷറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

നേമത്ത് സബ് ട്രഷറി അനുവദിക്കാൻ നടപടി

76(5235) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമത്ത് നിർമ്മിക്കുന്ന സിവിൽ സ്റ്റേഷനിൽ സബ് ട്രഷറി അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

മണലൂർ സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

77(5236) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ പഞ്ചായത്ത് ഓഫീസിനോടുചേർന്ന് പ്രവർത്തിക്കുന്ന സബ്ട്രഷറി ഓഫീസിന് മതിയായ സ്ഥലസൗകര്യങ്ങളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസ് കാരമുക്ക് ആയുർവേദ ആശുപത്രിയുടെ സമീപത്ത് നിർമ്മിക്കുന്നതിലേയ്ക്കായി മണലൂർ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഇല്ല. ട്രഷറി വകുപ്പാണ് മണലൂർ പഞ്ചായത്തിനോട് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly